# ജർമനിയിൽ നഴ്സ്: നോർക്ക അപേക്ഷ ക്ഷണിച്ചു

നോർക്കാറൂട്ട്സും ജർമൻ ഫെഡറൽ എംപ്ളോയ്മെന്റ് ഏജൻസിയുമായി ഒപ്പുവച്ച ട്രിപ്പിൾ വിൻ പദ്ധതി വഴി ജർമനിയിൽ നഴ്സിംഗ് തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യരായ ഉദ്യോഗാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. നഴ്സിംഗിൽ ബിരുദമോ ഡിപ്ളോമയോ ഉള്ള കുറഞ്ഞത് ഒരു വർഷത്തെ പ്രവർത്തിപരിചയമുള്ളവർക്ക് അപേക്ഷിക്കാം. www.norkaroots.org എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് നോർക്കാ റൂട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. അവസാന തീയതി 2022 മാർച്ച് 10.
45 വയസ്സ് കവിയാത്ത സ്ത്രീകൾക്കും പുരുഷന്മാർക്കും അപേക്ഷിക്കാം. ഭാഷാ പരീശീലനവും റിക്രൂട്ട്മെന്റും സൗജന്യമാണ്.

നിലവിൽ ജോലി ചെയ്യുന്ന മൂന്ന് വർഷം പ്രവർത്തി പരിചയമുള്ളവർ, ജർമൻ ഭാഷാ പ്രാവീണ്യമുള്ളവർ, ഹോം കെയർ / നഴ്സിംഗ് ഹോം പ്രവർത്തി പരിചയമുള്ളവർ, തീവ്ര പരിചരണം / ജറിയാട്രിക്സ് / കാർഡിയോളജി / ജനറൽ വാർഡ്/ സർജിക്കൽ - മെഡിക്കൽ വാർഡ് / നിയോനാറ്റോളജി / ന്യൂറോളജി / ഓർത്തോപീഡിക്സും അനുബന്ധ മേഖലകളും / ഓപ്പറേഷൻ തീയറ്റർ / സൈക്യാട്രി എന്നീ മേഖലയിൽ പ്രവർത്തി പരിചയമുള്ളവർ എന്നിവർക്ക് മുൻഗണന.

തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് നാട്ടിൽ തന്നെ ജർമൻ ഭാഷയിൽ എ1/ എ2 / ബി1 ലെവൽ പരിശീലനം നൽകും. എ2 ലെവലും ബി1 ലെവലും ആദ്യ ശ്രമത്തിൽ വിജയിക്കുന്നവർക്ക് 250 യൂറോ വീതം ബോണസ്സും ലഭിക്കും. ശേഷം ജർമ്മനിയിലെ ആരോഗ്യമേഖലയിൽ നഴ്സിംഗ് അസിസ്റ്റന്റായി ജോലിയിൽ പ്രവേശിക്കാം.
ജർമനിയിൽ എത്തിയ ശേഷം തൊഴിൽദാതാവിന്റെ സഹായത്തോടെ ജർമൻ ഭാഷയിൽ ബി2 ലെവൽ പരിശീലനത്തിന് അവസരം ലഭിക്കും. ബി 2 ലെവൽ വിജയിച്ച്് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് രജിസ്റ്റേഡ് നഴ്സായി നിയമനം ലഭിക്കും.
രജിസ്റ്റേഡ് നഴ്സായി അംഗീകാരം ലഭിക്കുന്നത് വരെ ഏകദേശം 2300 യൂറോയും പിന്നീട് ഓവർടൈം അലവൻസുകൾക്ക് പുറമെ 2800 യൂറോയുമാണ് ശമ്പളം.
ഈ പദ്ധതിയിലേക്ക് മുമ്പ് അപേക്ഷിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക് 1800-425-3939 ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. ഇമെയിൽ triplewin.norka@kerala.gov.in.

നാഫി മുഹമ്മദ്
പി.ആർ.ഒ
നോർക്ക് റൂട്ട്സ്